**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2630** **02-08-2021 - ൽ മറുപടിയ്ക്ക്**

**സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം വികസിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം നടപ്പിൽവരുത്തുന്നതുമായി ബന്ധപ്പെട്ട്, റവന്യൂ വകുപ്പിന്റെ - ReLIS, സർവ്വെ വകുപ്പിന്റെ- Emaps, രജിസ്ട്രേഷൻ വകുപ്പിന്റെ- PEARL എന്നിവ സംയോജിപ്പിച്ച് ഒരു single window portal' (ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്. റവന്യൂ-സർവ്വെ-രജിസ്ട്രേഷൻ വകുപ്പുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഭൂമി സംബന്ധമായ വിഷയങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് നടപ്പിലാക്കുന്നത്. ഭൂമിയുടെ രജിസ്ട്രേഷൻ ഓൺലൈൻ ആയി ചെയ്യുന്നതിന് രജിസ്ട്രേഷൻ വകുപ്പ് വികസിപ്പിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള സോഫ്റ്റ്‌വെയറാണ് PEARL. ഭൂമി രജിസ്ട്രേഷന് ശേഷം അപേക്ഷകൾ ഓൺലൈൻ ആയി ബന്ധപ്പെട്ട വില്ലേജുകളിൽ ലഭ്യമാക്കുകയും പോക്കുവരവ് സമയബന്ധിതമായി നടത്തുന്നതിനുള്ള സംവിധാനമാണ് ReLIS . GPS അധിഷ്ഠിത സർവ്വെ നടത്തിയിട്ടുള്ള വില്ലേജുകളുടെ സർവ്വെ മാപ്പുകൾ ഓൺലൈൻ ആയി നാളതീകരിക്കുന്നതിനും മറ്റ് വകുപ്പുകളുടെtextual വിവരങ്ങളുമായി സംയോജിപ്പിച്ച് ഭൂഭരണം സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് E-maps നടപ്പിലാക്കിയിട്ടുള്ളത്. ഈ മൂന്ന് വെബ് ആപ്ലിക്കേഷനുകളുടെയും വെബ് അധിഷ്ഠിത സംയോജനത്തിലൂടെ ഭൂ സംബന്ധമായ എല്ലാ സേവനങ്ങളും പൊതു ജനങ്ങൾക്ക് ഏക ജാലക സംവിധാനത്തിൽ ഉൾപ്പെടുത്തി നൽകുവാനാണ് |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. ഭൂമി കൈമാറ്റം നടക്കുമ്പോൾ തന്നെ ഭൂമി സംബന്ധമായ വിവരങ്ങൾ ഓൺലൈനായി തന്നെ പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന തരത്തിൽ ആണ് ടി സോഫ്റ്റ് വെയർ വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | ഈ സംവിധാനം വഴി ഭൂമി കൈമാറ്റം നടക്കുമ്പോൾ തന്നെ ഭൂമി സംബന്ധമായ വിവരങ്ങളും പ്രമാണ സംബന്ധമായ വിവരങ്ങളും ഓൺലൈനായി തന്നെ പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് സാധിക്കുമോ; | (ബി) | സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം നടപ്പിൽവരുത്തുന്നതുമായി ബന്ധപ്പെട്ട്, റവന്യൂ വകുപ്പിന്റെ - ReLIS, സർവ്വെ വകുപ്പിന്റെ- Emaps, രജിസ്ട്രേഷൻ വകുപ്പിന്റെ- PEARL എന്നിവ സംയോജിപ്പിച്ച് ഒരു single window portal' (ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്. റവന്യൂ-സർവ്വെ-രജിസ്ട്രേഷൻ വകുപ്പുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഭൂമി സംബന്ധമായ വിഷയങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് നടപ്പിലാക്കുന്നത്. ഭൂമിയുടെ രജിസ്ട്രേഷൻ ഓൺലൈൻ ആയി ചെയ്യുന്നതിന് രജിസ്ട്രേഷൻ വകുപ്പ് വികസിപ്പിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള സോഫ്റ്റ്‌വെയറാണ് PEARL. ഭൂമി രജിസ്ട്രേഷന് ശേഷം അപേക്ഷകൾ ഓൺലൈൻ ആയി ബന്ധപ്പെട്ട വില്ലേജുകളിൽ ലഭ്യമാക്കുകയും പോക്കുവരവ് സമയബന്ധിതമായി നടത്തുന്നതിനുള്ള സംവിധാനമാണ് ReLIS . GPS അധിഷ്ഠിത സർവ്വെ നടത്തിയിട്ടുള്ള വില്ലേജുകളുടെ സർവ്വെ മാപ്പുകൾ ഓൺലൈൻ ആയി നാളതീകരിക്കുന്നതിനും മറ്റ് വകുപ്പുകളുടെtextual വിവരങ്ങളുമായി സംയോജിപ്പിച്ച് ഭൂഭരണം സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് E-maps നടപ്പിലാക്കിയിട്ടുള്ളത്. ഈ മൂന്ന് വെബ് ആപ്ലിക്കേഷനുകളുടെയും വെബ് അധിഷ്ഠിത സംയോജനത്തിലൂടെ ഭൂ സംബന്ധമായ എല്ലാ സേവനങ്ങളും പൊതു ജനങ്ങൾക്ക് ഏക ജാലക സംവിധാനത്തിൽ ഉൾപ്പെടുത്തി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി കൈമാറ്റം നടക്കുമ്പോൾ തന്നെ ഭൂമി സംബന്ധമായ വിവരങ്ങൾ ഓൺലൈനായി തന്നെ പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന തരത്തിൽ ആണ് ടി സോഫ്റ്റ് വെയർ വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | റവന്യൂ ഓഫീസുകളുടെ സേവനം സമഗ്രമാക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി | (സി) | കേരള ഭൂരേഖാ നവീകരണ മിഷൻ ഓഫീസ്, സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറേറ്റ്, ലാന്റ് |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തിയിട്ടുള്ള ഇ-ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | | റവന്യൂ കമ്മീഷണറേറ്റ്, സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റിലും, 23 ആർ.ഡി.ഒ ഓഫീസുകളിലും, 13 താലൂക്ക് ഓഫീസുകളിലും, 129 വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 115 വില്ലേജ് ഓഫീസ്, 24 താലൂക്ക് ഓഫീസ്, 5 ആർ.ഡി.ഒ. ഓഫീസ് എന്നിവിടങ്ങളിൽ കൂടി അടിയന്തിരമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ